Maximum : 100 marks

Time : 1 മണിക്കൂർ 30 മിനിട്ട്

1. താഴെപ്പറയുന്ന ഏത് പ്രസ്താവന/പ്രസ്താവനകൾ ആണ് ഗുരുവായൂർ സത്യാഗ്രഹത്തെ സംബന്ധിച്ച് ശരിയായിട്ടുള്ളത്?

 (i) 1931 നവംബർ പന്ത്രണ്ടാം തീയതി ഗുരുവായൂർ സത്യാഗ്രഹം ആരംഭിച്ചു

 (ii) പി. കൃഷ്ണപ്പിള്ളയും മന്നത്ത് പത്മനാഭനും സത്യാഗ്രഹത്തിൽ പങ്കെടുത്ത നേതാക്കളാണ്

 (iii) ഗുരുവായൂർ ക്ഷേത്രത്തിലേക്ക് എല്ലാ ഹിന്ദുക്കൾക്കും പ്രവേശനം നല്കുക എന്നതായിരുന്നു സത്യാഗ്രഹത്തിന്റെ ലക്ഷ്യം

 (iv) 1932 ഒക്ടോബർ രണ്ടാം തീയതി സത്യാഗ്രഹം അവസാനിച്ചു

 (A) (ii) ഉം (iii) ഉം
 (B) (i) ഉം (ii) ഉം (iii) ഉം
 (C) (ii) ഉം (iii) ഉം (iv) ഉം
 (D) (i) ഉം (ii) ഉം

2. സ്വാതന്ത്ര്യ സമര കാലഘട്ടത്തിലെ നാല് പ്രധാന സംഭവങ്ങളും അവ നടന്ന വർഷങ്ങളും താഴെ നല്കുന്നു. അവ ചേരുംപടി ചേർക്കുക :

| | സംഭവം | | വർഷം |
|---|---|---|---|
| (i) | രണ്ടാം വട്ടമേശ സമ്മേളനം | (a) | 1922 |
| (ii) | പ്രവിശ്യകളിലെ കോൺഗ്രസ് മന്ത്രിസഭകൾ രാജി വച്ചു | (b) | 1928 |
| (iii) | ഗാന്ധിജി നിസ്സഹകരണ പ്രസ്ഥാനം നിർത്തി വച്ചു | (c) | 1931 |
| (iv) | ബർദോളി സത്യാഗ്രഹം | (d) | 1939 |

 (A) (i) – (b), (ii) – (d), (iii) – (a), (iv) – (c)
 (B) (i) – (c), (ii) – (d), (iii) – (a), (iv) – (b)
 (C) (i) – (d), (ii) – (a), (iii) – (b), (iv) – (c)
 (D) (i) – (c), (ii) – (a), (iii) – (d), (iv) – (b)

3. ചുവടെ തന്നിരിക്കുന്ന സംഭവങ്ങളെ ശരിയായ കാലഗണനാടിസ്ഥാനത്തിൽ ക്രമീകരിക്കുക :

(i) ലോങ്ങ് മാർച്ച്

(ii) ചൈനയിലെ റിപ്പബ്ലിക്കൻ വിപ്ലവം

(iii) മഹത്തായ സാംസ്കാരിക വിപ്ലവം

(iv) ജപ്പാന്റെ ചൈനാ ആക്രമണം

(A) (ii), (i), (iii), (iv)
(B) (iv), (i), (iii), (ii)
(C) (iv), (ii), (iii), (i)
(D) (ii), (i), (iv), (iii)

4. താഴെ കൊടുത്തിരിക്കുന്ന ഏത് പ്രസ്താവന/പ്രസ്താവനകൾ ആണ് ശരിയായിട്ടുള്ളത്?

(i) 1944 ൽ ക്രിപ്സ് മിഷൻ ഇന്ത്യ സന്ദർശിച്ചു

(ii) 1946 ൽ ബ്രിട്ടീഷ് ഗവൺമെന്റ് ഇന്ത്യയിലേക്ക് അയച്ച കാബിനറ്റ് മിഷനിൽ മൂന്ന് അംഗങ്ങൾ ഉണ്ടായിരുന്നു.

(iii) 1945 ൽ ബ്രിട്ടനിൽ അധികാരത്തിൽ വന്ന ലേബർ പാർട്ടി ഇന്ത്യക്ക് സ്വാതന്ത്ര്യം നല്കുന്നതിനെ എതിർത്തു.

(iv) മൗണ്ട് ബാറ്റൺ പ്രഭുവാണ് ജൂൺ മൂന്ന് പദ്ധതി തയ്യാറാക്കിയത്.

(A) (iii) ഉം (iv) ഉം
(B) (i) ഉം (iii) ഉം
(C) (i) ഉം (iv) ഉം
(D) (ii) ഉം (iv) ഉം

5. താഴെ തന്നിരിക്കുന്നവയിൽ 'a' വിഭാഗത്തിലെ ബന്ധം മനഃസിലാക്കി 'b' വിഭാഗം ഉത്തരം കണ്ടെത്തുക :

(i) a. കാൻപൂർ : നാനാ സാഹിബ്

b. ആറ : ______________

(ii) a. ഡൽഹി : ബഹദൂർ ഷാ

b. ബരൗട്ട് : ______________

(A) (i) ഷാ മൽ, (ii) മംഗൽ പാണ്ഡെ
(B) (i) മൗലവി അഹമ്മദുള്ള ഷാ, (ii) കൻവാർ സിംഗ്
(C) (i) കൻവാർ സിംഗ്, (ii) ഷാ മൽ
(D) (i) വാജിദ് അലി ഷാ, (ii) ഗോനു

6. താഴെ കൊടുത്തിട്ടുള്ളവയിൽ ഏത് പ്രസ്താവന/പ്രസ്താവനകൾ ആണ് തെറ്റായിട്ടുള്ളത്?

(i) 1946 ഡിസംബർ പത്താം തീയതി ഐക്യരാഷ്ട്ര സംഘടനയുടെ പൊതുസഭ മനുഷ്യാവകാശ പ്രഖ്യാപനം നടത്തി

(ii) ലോക വ്യാപാര സംഘടന 1995 ജനുവരി ഒന്നാം തീയതി പ്രവർത്തനം ആരംഭിച്ചു.

(iii) ലോക വ്യാപാര സംഘടനയുടെ ആസ്ഥാനം ന്യൂയോർക്ക് ആണ്.

(A) (ii) ഉം (iii) ഉം

(B) (ii) മാത്രം

(C) (i) ഉം (iii) ഉം

(D) (i) മാത്രം

7. കരിമ്പ് കൃഷി, പരുത്തി കൃഷി തുടങ്ങിയവയ്ക്ക് അനുയോജ്യമായ കറുത്തപരുത്തി മണ്ണ് ഉണ്ടാകുന്നത് ഏതു പാറ പൊടിഞ്ഞാണ്?

(A) ബസാൾട്ട് (B) ഗ്രാനൈറ്റ്

(C) ലാറ്ററൈറ്റ് (D) മണൽക്കല്ല്

8. താഴെകൊടുത്തിരിക്കുന്ന വാതകങ്ങളിൽ ഹരിതഗൃഹ പ്രഭാവത്തിനു കാരണമാകുന്നതേത്?

(A) ഓസോൺ

(B) ഓക്സിജൻ

(C) കാർബൺഡൈഓക്സൈഡ്

(D) നൈട്രജൻ

9. ഉത്തരരാജസ്ഥാന് ജലസേചനത്തിനുവേണ്ടി നിർമ്മിച്ച 'ഇന്ദിരകനാൽ' ഏത് നദിയിലാണ് നിർമ്മിച്ചിരിക്കുന്നത്?

(A) ചിനാബ് (B) ഝലം

(C) രവി (D) സത്‌ലജ്

10. പളനിമലകളിൽ സ്ഥിതിചെയ്യുന്ന 'ഹിൽസ്റ്റേഷൻ' ഏതാണ്?

(A) ഊട്ടി (B) കൊടൈക്കനാൽ

(C) പച്ച്മാർഹി (D) അബുഹിൽസ്

11. ഇന്ത്യയിലെ ഏറ്റവും ചെറിയ യൂണിയൻ ടെറിറ്ററി ഏതാണ്?

(A) പുതുച്ചേരി
(B) ദാമൻ-ദിയു
(C) ലക്ഷദ്വീപ്
(D) ഡൽഹി

12. 2023 ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്ക് ലഭിച്ച മെഡലുകളുടെ എണ്ണം:

(A) 107
(B) 97
(C) 117
(D) 87

13. ഇന്ത്യയിൽ നടപ്പിലാക്കിയ പുത്തൻ സാമ്പത്തിക പരിഷ്കാരങ്ങളുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന പ്രസ്താവനയിൽ ശരിയായത് ഏത്?

(i) GDP നിരക്ക് വർദ്ധിച്ചു

(ii) വിദേശനാണയ ശേഖരം വർദ്ധിച്ചു

(iii) കൃഷിയിൽ പുരോഗതി ഉണ്ടായി

(iv) വിദേശ മൂലധന നിക്ഷേപം വർദ്ധിച്ചു

(A) (i), (ii), (iii)
(B) (i), (ii), (iv)
(C) (ii), (iii), (iv)
(D) (i), (iii), (iv)

14. താഴെപ്പറയുന്ന വിവിധ ധനകാര്യസ്ഥാപനങ്ങൾ, അവയുടെ ആസ്ഥാനങ്ങൾ എന്നിവയുടെ പട്ടികയിൽ നിന്നും യോജിക്കാത്തത് കണ്ടെത്തുക:

(A) ലോക വ്യാപാര സംഘടന – ജനീവ
(B) ലോക ബാങ്ക് – വാഷിംഗ്ടൺ
(C) അന്താരാഷ്ട്ര നാണ്യനിധി – വാഷിംഗ്ടൺ
(D) ഏഷ്യൻ വികസന ബാങ്ക് – ബെയ്ജിംഗ്

15. നീതി ആയോഗിന്റെ ഇപ്പോഴത്തെ ചെയർമാൻ:

(A) നരേന്ദ്രമോദി
(B) അരവിന്ദ്പനഗരിയ
(C) നിർമ്മല സീതാരാമൻ
(D) അമിതാഭ് കാന്ത്

16. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥിതിചെയ്യുന്നത് എവിടെ?

(A) ചിമ്മിനി (B) കോട്ടയം
(C) പീച്ചി (D) മുത്തങ്ങ

17. ഹരിത വിപ്ലവവുമായി ബന്ധപ്പെട്ട ചുവടെ ചേർത്തിരിക്കുന്ന പ്രസ്താവനയിൽ ശരിയായത് ഏത്?

(i) ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ ഇന്ത്യ സ്വയം പര്യാപ്തതനേടി

(ii) ഡോ. എം.എസ്. സ്വാമിനാഥൻ ആണ് ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ പിതാവ്

(iii) ഭക്ഷ്യധാന്യങ്ങളുടെ ഇറക്കുമതിയിലുള്ള ആശ്രയത്വം കുറഞ്ഞു

(iv) ഇന്ത്യയിൽ പ്രധാനമായും ഹരിതവിപ്ലവം ഗോതമ്പ് വിപ്ലവം എന്നറിയപ്പെടുന്നു

(A) (i), (ii)
(B) (ii) മാത്രം
(C) (i), (ii), (iii), (iv)
(D) (iii), (iv)

18. ആസൂത്രണ കമ്മീഷൻ നിലവിൽ വന്നത്?

(A) 1950 (B) 1951
(C) 1949 (D) 1952

19. ഭരണഘടന നിർമ്മാണ സമിതിയുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന പ്രസ്താവനകളിൽ ശരിയായത് കണ്ടെത്തുക :

(i) ഭരണഘടന നിർമ്മാണ സമിതിയുടെ പ്രഥമ സമ്മേളനം 1946 ഡിസംബർ 9-ന് നടന്നു

(ii) സമിതിയുടെ മുഴുവൻ അംഗങ്ങളും രാജ്യത്തിന്റെ വിവിധ പ്രവിശ്യകളിലെ നിയമസഭാംഗങ്ങൾ നേരിട്ടു തെരഞ്ഞെടുത്തവരാണ്

(iii) സമിതിയുടെ രൂപീകരണം ക്യാബിനറ്റ് മിഷൻ പ്ലാൻ നിർദ്ദേശം അനുസരിച്ച് ആണ്

(A) പ്രസ്താവന (iii) മാത്രം
(B) (i), (iii) പ്രസ്താവനകൾ മാത്രം
(C) എല്ലാ പ്രസ്താവനകളും
(D) (i), (ii) പ്രസ്താവനകൾ മാത്രം

**20.** കേരളത്തിലെ ഭരണകൂട അഴിമതി ആരോപണങ്ങൾ അന്വേഷിക്കുന്നതിനും പരിഹരിക്കുന്നതിനും ആയി നിലവിൽ വന്ന കമ്മീഷൻ ഏത്?

(A) ഭരണപരിഷ്കാര കമ്മീഷൻ
(B) കേരള സംസ്ഥാന ലോകായുക്ത
(C) സംസ്ഥാന വിവരാവകാശ കമ്മീഷൻ
(D) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ

**21.** ഇന്ത്യൻ ഭരണഘടന ഒരു കുറ്റാരോപിതന് നൽകുന്ന അവകാശങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തുക :

(i) ഒരു വ്യക്തിയെയും ഒരേ കുറ്റത്തിന് ഒന്നിലധികം തവണ ശിക്ഷിക്കാൻ പാടുള്ളതല്ല

(ii) ഒരു നിയമം നിലവിൽ വരുന്നതിനു മുമ്പുള്ള നടപടിയെ കുറ്റകൃത്യമായി പ്രഖ്യാപിക്കാൻ പാടില്ല

(iii) ഒരു വ്യക്തിയെയും തനിക്കെതിരെ തെളിവുകൾ നൽകാൻ നിർബന്ധിക്കാൻ പാടില്ല

(A) (i), (iii) പ്രസ്താവനകൾ
(B) (i), (ii) പ്രസ്താവനകൾ
(C) (ii), (iii) പ്രസ്താവനകൾ
(D) എല്ലാ പ്രസ്താവനകളും

**22.** കേരള സർക്കാരിന്റെ 'നവകേരളം കർമ്മ പദ്ധതി'യിൽ പെടാത്ത പദ്ധതി കണ്ടെത്തുക :

(A) നവ കേരള സദസ്സ്
(B) ലൈഫ് മിഷൻ
(C) ആർദ്രം മിഷൻ
(D) ഹരിത കേരളം മിഷൻ

**23.** അനുപാതിക പ്രാതിനിധ്യ വ്യവസ്ഥ പ്രകാരമുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രസ്താവനകൾ വായിച്ച് ഉത്തരം എഴുതുക :

(i) ഓരോ നിയോജക മണ്ഡലങ്ങളും ഭൂമിശാസ്ത്രപരമായി വലിയ ഭൂപ്രദേശങ്ങളായിരിക്കും

(ii) ഓരോ നിയോജക മണ്ഡലത്തിൽ നിന്നും ഒന്നിലധികം പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു

(iii) വോട്ടർമാർക്ക് സ്ഥാനാർത്ഥിക്ക് നേരിട്ട് വോട്ട് നൽകുവാൻ സാധിക്കും

(A) എല്ലാ പ്രസ്താവനകളും ശരിയാണ്
(B) പ്രസ്താവന (ii) തെറ്റാണ്
(C) പ്രസ്താവന (iii) തെറ്റാണ്
(D) (i), (iii) പ്രസ്താവനകൾ ശരിയാണ്

**24.** ഇന്ത്യയുടെ റിപ്പബ്ലിക് ദിന പരേഡ് നടക്കുന്ന രാഷ്ട്രപതി ഭവൻ മുതൽ ഇന്ത്യാഗേറ്റ് വരെയുള്ള പാതയ്ക്ക് അടുത്തിടെ നൽകിയ പുതിയ പേര് എന്ത്?

(A) സെൻട്രൽ വിസ്ത
(B) മഹാത്മാഗാന്ധി പഥ്
(C) കർത്തവ്യ പഥ്
(D) രാജ് പഥ്

**25.** ഇന്ത്യൻ പ്രധാനമന്ത്രിയുടെ അധികാരങ്ങളുമായി ബന്ധപ്പെട്ട താഴെ പറയുന്ന പ്രസ്താവനകൾ വായിച്ച് ഉത്തരമെഴുതുക :

(i) മന്ത്രിസഭയുടെ വലിപ്പവും മന്ത്രിമാരുടെ വകുപ്പുകളും വിജയിക്കുന്നത് പ്രധാനമന്ത്രിയാണ്

(ii) പ്രധാനമന്ത്രിയുടെ രാജിയോ മരണമോ സംഭവിച്ചാൽ മന്ത്രിസഭ പിരിച്ചുവിട്ടതായി കണക്കാക്കുന്നു

(iii) ഭൂരിപക്ഷ പിന്തുണയുള്ള ഒരു ലോക്സഭാംഗത്തിന് മാത്രമേ പ്രധാനമന്ത്രിയായി അധികാരത്തിൽ തുടരാൻ കഴിയൂ.

(A) (i), (iii) പ്രസ്താവനകൾ മാത്രം ശരിയാണ്
(B) പ്രസ്താവന (iii) തെറ്റാണ്
(C) പ്രസ്താവന (ii) തെറ്റാണ്
(D) എല്ലാ പ്രസ്താവനകളും ശരിയാണ്

**26.** കേരളത്തിലെ ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് നൽകുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ പേരെന്ത്?

(A) അതിജീവനം പദ്ധതി
(B) സാകല്യം പദ്ധതി
(C) വയോമിത്രം പദ്ധതി
(D) നിരാമയ പദ്ധതി

**27.** തന്നിട്ടുള്ള പ്രസ്താവനകളിൽ കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന തിരിച്ചറിയുക :

(i) കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ച് ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുന്നു.

(ii) സംസ്ഥാന ഗവൺമെന്റുകളുടെ ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുന്നത് അതാത് സംസ്ഥാന ഗവർണർമാർക്കാണ്.

(iii) പാർലമെന്റിൽ കേവല ഭൂരിപക്ഷത്തോടെ പ്രമേയം പാസാക്കി ഇദ്ദേഹത്തെ ചുമതലയിൽ നിന്ന് നീക്കം ചെയ്യാൻ കഴിയും.

(A) പ്രസ്താവന (iii) തെറ്റാണ്
(B) പ്രസ്താവന (i) തെറ്റാണ്
(C) പ്രസ്താവനകൾ (ii), (iii) എന്നിവ തെറ്റാണ്
(D) പ്രസ്താവന (ii) തെറ്റാണ്

**28.** സൂര്യന്റെ ഉപരിതലത്തെ കുറിച്ച് പഠിക്കുന്നതിന് ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച 2013 സെപ്റ്റംബറിൽ വിജയകരമായി വിക്ഷേപിച്ച ബഹിരാകാശ പേടകം ഏത്?

(A) ചന്ദ്രയാൻ – 2

(B) ആദിത്യ എൽ – 1

(C) ജി സാറ്റ് – 29

(D) സൂര്യകിരൺ കെ – 1

**29.** എഴുപത്തി മൂന്നാം ഭരണഘടനാ ഭേദഗതിയിലൂടെ ഇന്ത്യയിലെ പഞ്ചായത്തീരാജ് സ്ഥാപനങ്ങളിൽ ഉണ്ടായ മാറ്റങ്ങൾ തിരിച്ചറിയുക :

(i) ത്രിതല പഞ്ചായത്തുകൾ നിലവിൽ വന്നു

(ii) മൂന്നിൽ ഒന്നിൽ കുറയാത്ത സീറ്റുകൾ സ്ത്രീകൾക്കായി സംവരണം ചെയ്തു

(iii) 29 വിഷയങ്ങൾ ഉൾപ്പെടുത്തി പതിനൊന്നാം പട്ടിക ഭരണഘടനയുടെ ഭാഗമായി

(A) എല്ലാ പ്രസ്താവനകളും ശരിയാണ്

(B) പ്രസ്താവന (i) മാത്രം ശരിയാണ്

(C) (i), (iii) പ്രസ്താവനകൾ മാത്രം ശരിയാണ്

(D) (i), (ii) പ്രസ്താവനകൾ മാത്രം ശരിയാണ്

**30.** താഴെ തന്നിട്ടുള്ള വകുപ്പുകളിൽ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടാത്ത വിഷയം ഏത്?

(A) വനം

(B) തൊഴിലാളി സംഘടനകൾ

(C) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

(D) വിദ്യാഭ്യാസം

**31.** ഇന്ത്യ ഗവൺമെന്റിന്റെ മുഖ്യ നിയമോപദേശകൻ ആരാണ്?

(A) അഡ്വക്കേറ്റ് ജനറൽ

(B) കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ

(C) കേന്ദ്ര നിയമ വകുപ്പ് മന്ത്രി

(D) അറ്റോർണി ജനറൽ

**32.** മനുഷ്യജീനോം പദ്ധതിയിലൂടെ കണ്ടെത്തിയ ഏറ്റവും വലിയ ജീനേത്?

(A) ഇൻസുലിൻ

(B) ഹീമോഗ്ലോബിൻ

(C) കൊളാജൻ

(D) ഡിസ്ട്രോഫിൻ

33. ഏത് വിറ്റാമിന്റെ അഭാവമാണ് പിള്ളവാതത്തിന് കാരണമാകുന്നത്?

(A) വിറ്റാമിൻ ഇ (B) വിറ്റാമിൻ കെ

(C) വിറ്റാമിൻ ഡി (D) വിറ്റാമിൻ ബി

34. വൈഡാൽ പരിശോധന ഏത് രോഗകാരിയെ തിരിച്ചറിയാൻ ഉപയോഗിക്കുന്നു?

(A) ഹീമോഫിലസ് ഇൻഫ്ളുവൻസ

(B) സാൽമൊണല്ല ടൈഫി

(C) പ്ലാസ്മോഡിയം ഫാൽസിപാരം

(D) സ്ട്രെപ്റ്റോകോക്കസ് ന്യൂമോണിയ

35. ആഗോളതാപനത്തിന് കാരണമാകുന്ന ഹരിതഗൃഹവാതകങ്ങൾക്ക് ഉദാഹരണങ്ങൾ ഏവ?

(A) $CO_2$, CFCs, $N_2O$ & $CH_4$

(B) $CO_2$, $SO_2$, CO & $N_2O$

(C) $CO_2$, $Cl_2$, $NO_2$ & $H_2$

(D) $CO_2$, $H_2$, $O_3$ & CO

36. പരമ്പരാഗത നെല്ലിനങ്ങളെ സംരക്ഷിച്ചതിലൂടെ പദ്മശ്രീ പുരസ്ക്കാരത്തിന് അർഹനായ കേരള കർഷകൻ ആര്?

(A) നാരായണൻ ഇ.പി. (B) കെ. വിശ്വനാഥൻ

(C) വിജയ ഭാസ്കർ (D) സത്യനാരായണ ബേളേരി

37. ശബ്ദത്തിന് പരമാവധി വേഗത ലഭിയ്ക്കുന്നത് താഴെപറയുന്ന ഏത് മാധ്യമത്തിലാണ്?

(A) വായു (B) സമുദ്രജലം

(C) അലൂമിനിയം (D) ഹീലിയം

38. ‘ലാസിക്’ സർജറിക്ക് വേണ്ടി ഉപയോഗിക്കുന്ന വൈദ്യുതകാന്തിക തരംഗം ഏതാണ്?

(A) അൾട്രാവയലറ്റ് (B) ഇൻഫ്രാറെഡ്

(C) X-രശ്മികൾ (D) മൈക്രോ തരംഗങ്ങൾ

39. ഭൂഗുരുത്വം മൂലമുള്ള ത്വരണത്തിന്റെ വില ഏറ്റവും കൂടുതൽ ലഭിക്കുന്നത് എവിടെയാണ്?

(A) ഭൂമദ്ധ്യരേഖ (B) ധ്രുവം

(C) ഭൂകേന്ദ്രം (D) ഭൂമിയുടെ ഉപരിതലം

40. I.S.R.O. യുടെ അഭിമാനപദ്ധതിയായ 'ചാന്ദ്രയാൻ-3' ന്റെ സോഫ്റ്റ് ലാന്റിംഗ് നടന്നത് എന്നാണ്?

(A) ജൂലായ് 13, 2023
(B) ആഗസ്റ്റ് 14, 2023
(C) ജൂലായ് 14, 2023
(D) ആഗസ്റ്റ് 23, 2023

41. ഒരേ മാസ് നമ്പറും വ്യത്യസ്ത ആറ്റോമിക നമ്പറും ഉള്ള മൂലകങ്ങളെ പറയുന്ന പേര്:

(A) ഐസോടോപ്പുകൾ
(B) ഐസോബാറുകൾ
(C) ഐസോടോണുകൾ
(D) ഐസോമെറുകൾ

42. താഴെ തന്നിരിക്കുന്നവയിൽ അയോണീകരണ ഊർജ്ജം ഏറ്റവും കൂടുതൽ ഉള്ള മൂലകം:

(A) ബോറോൺ
(B) കാർബൺ
(C) നൈട്രജൻ
(D) ഓക്സിജൻ

43. ലൂയിസ് ക്ഷാരത്തിന് ഒരു ഉദാഹരണമാണ്:

(A) $NH_3$
(B) $AlCl_3$
(C) $BH_3$
(D) $BCl_3$

44. ടൈറ്റാനിയം ഡൈഓക്സൈഡ് നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്ന ധാതു:

(A) മോണോസൈറ്റ്
(B) സിർക്കോൺ
(C) ക്വാർട്സ്
(D) ഇൽമനൈറ്റ്

45. ഭൈരവിക്കോലം ഏത് കലാരൂപവുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) മുടിയേറ്റ്
(B) തെയ്യം
(C) തിറയാട്ടം
(D) പടയണി

46. 'കിളിക്കാലം' ആരുടെ ആത്മകഥയാണ്?

(A) ഗ്രേസി
(B) പി. വത്സല
(C) സാറാ ജോസഫ്
(D) ഡോ. എം. ലീലാവതി

47. വാട്ടർപോളോ മത്സരത്തിൽ പങ്കെടുക്കുന്ന ഓരോ ടീമിലെയും ഗോൾകീപ്പറടക്കമുള്ള കളിക്കാരുടെ എണ്ണം :

(A) 6
(B) 7
(C) 10
(D) 11

48. ആയുർവേദ വൈദ്യസമ്പ്രദായത്തെക്കുറിച്ചുള്ള ഗ്രന്ഥമായ 'ശരച്ചന്ദ്രിക' രചിച്ചത് :

(A) പരവൂർ കേശവൻ ആശാൻ

(B) കൊച്ചിയിലെ കേരളവർമ്മ രാജാവ്

(C) ഡോ. എൽ. എ. രവിവർമ്മ

(D) ഡോ. പി. എസ്. വാരിയർ

49. കേരള സാഹിത്യ അക്കാദമി പുരസ്ക്കാരം (2022) നേടിയ 'സമ്പർക്കക്രാന്തി' എന്ന നോവൽ എഴുതിയത് :

(A) വിനോയ് തോമസ്
(B) പി.എഫ്. മാത്യൂസ്
(C) വി. ഷിനിലാൽ
(D) ടി.ഡി. രാമകൃഷ്ണൻ

50. മികച്ച മലയാള ചിത്രത്തിനുള്ള 69-ാമത് ദേശീയ ചലച്ചിത്ര പുരസ്ക്കാരം (2023) നേടിയ 'ഹോം' സംവിധാനം ചെയ്തത് :

(A) ലിജോ ജോസ് പെല്ലിശ്ശേരി

(B) ബേസിൽ ജോസഫ്

(C) മിഥുൻ മാനുവൽ തോമസ്

(D) റോജിൻ തോമസ്

51. 1, 5, 14, .... എന്ന സംഖ്യാശ്രേണിക്ക് പറയുന്ന പേര് :

(A) സ്തൂപികാ സംഖ്യകൾ
(B) ത്രികോണ സംഖ്യകൾ
(C) ചതുർമുഖ സംഖ്യകൾ
(D) സമചതുര സംഖ്യകൾ

52. മൂന്ന് സംഖ്യകളുടെ തുക 572. ഒന്നാമത്തേത് രണ്ടാമത്തേതിന്റെ ഇരട്ടിയാണ്. മൂന്നാമത്തേത് ഒന്നാമത്തേതിന്റെ മൂന്നിൽ ഒന്നാണ്. എങ്കിൽ അവയിൽ ഒരു സംഖ്യ താഴെ പറയുന്നവയിൽ ഏതാണ്?

(A) 114
(B) 151
(C) 152
(D) 104

53. എ, ബി, സി എന്നിവർക്ക് യഥാക്രമം 20, 30, 60 ദിവസങ്ങളിൽ ഒരു ജോലി ചെയ്യാൻ കഴിയും. ഓരോ മൂന്നാം ദിവസവും ബി, സി എന്നിവർ സഹായിച്ചാൽ എ യ്ക്ക് എത്ര ദിവസത്തിനുള്ളിൽ ജോലി പൂർത്തീകരിക്കാൻ കഴിയും?

(A) 12 ദിവസം
(B) 15 ദിവസം
(C) 16 ദിവസം
(D) 18 ദിവസം

54. $\frac{3}{4}$, $1\frac{1}{2}$, $2\frac{1}{4}$, ... എന്ന ശ്രേണിയിലെ പദമല്ലാത്തത് താഴെ പറയുന്നവയിൽ ഏതാണ്?

(A) 3
(B) 4
(C) 6
(D) 9

55. $17^{7.5} \div 17^{3.5} \times 17^{4.5} = 17^{?}$

(A) 15
(B) 14
(C) 14.5
(D) 8.5

56. ഓരോ വർഷവും 15% വീതം ഇ-വേസ്റ്റ് വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നാണ് പഠന റിപ്പോർട്ട്. 2020ൽ ഏകദേശം 20 കോടി ടൺ ഇ-വേസ്റ്റ് ഉണ്ടെന്നാണ് കണക്കാക്കിയിരുന്നത്. എങ്കിൽ 2024 ആകുമ്പോൾ എത്ര ടൺ ഇ-വേസ്റ്റ് ഉണ്ടാകാൻ സാധ്യതയുണ്ട്?

(A) 34.98
(B) 20.82
(C) 15.64
(D) ഇവയൊന്നുമല്ല

57. ഒരു വശം 2 സെന്റീമീറ്റർ ആയ സമചതുരത്തിൽ വികർണ്ണം വൃത്തത്തിന്റെ വ്യാസമാണ്. എങ്കിൽ വൃത്തത്തിന്റെ ചുറ്റളവ് എത്ര?

(A) $4\pi$ സെ.മീ.
(B) $2\pi$ സെ.മീ.
(C) $2\sqrt{2}\,\pi$ സെ.മീ.
(D) $4\sqrt{2}\,\pi$ സെ.മീ.

58. COMPUTER എന്ന വാക്കിനെ PMOCRETU എന്ന് എഴുതാമെങ്കിൽ DECIPHER എന്ന വാക്കിനെ എങ്ങനെ എഴുതാം?

(A) ICEDREHP
(B) CEDREHPI
(C) PICEDHER
(D) PICDEREH

59. O യുടെ അച്ഛനാണ് M. Q യുടെ മകനാണ് P. M ന്റെ സഹോദരനാണ് N. P യുടെ സഹോദരിയാണ് O. എങ്കിൽ N ഉം Q ഉം തമ്മിലുള്ള ബന്ധം എന്ത്?

(A) മകൾ
(B) അളിയൻ
(C) മരുമകൾ
(D) ഭർത്താവ്

60.

| | | |
|---|---|---|
| 10 | 12 | 15 |
| 68 | ? | 20 |
| 51 | 38 | 27 |

വിട്ടുപോയ സംഖ്യ ഏത്?

(A) 112
(B) 97
(C) 87
(D) 107

61. Complete the clause suitably :

If I had attended the wedding, I _________ .

(A) could have met him
(B) could have meet him
(C) would meet him
(D) could meet him

62. Identify the correctly spelt word from the following :

(A) colleegue
(B) coleague
(C) colleague
(D) collegue

63. Fill in the blank using the appropriate phrasal verb :
The match has been __________ due to bad weather.

(A) called at
(B) called off
(C) called on
(D) called away

64. Use the correct tense form :
He usually ________ to office by bus.

(A) go
(B) going
(C) goes
(D) has gone

65. Fill in the blank using the correct verb :
The cutlery I bought yesterday _________ quite expensive.

(A) are
(B) were
(C) have been
(D) is

66. Which among the following is an adjective?

(A) Uncannily
(B) Mundane
(C) Commence
(D) Rigour

67. Change into passive voice :
Someone has asked John to make a speech at the meeting

(A) John is asked to make a speech at the meeting by someone
(B) John is being asked to make a speech at the meeting by someone
(C) John has been asked to make a speech at the meeting by someone
(D) John has asked to make a speech at the meeting by someone

68. Pick out the word from the options which means 'to swear falsely' :

(A) Perjure
(B) Adjure
(C) Injure
(D) Conjure

69. Choose the appropriate question tag :
Let's go for a movie, _________?

(A) can we?
(B) won't we?
(C) could we?
(D) shall we?

70. Which among the following is a synonym of the word 'pensive'?

(A) contemplative
(B) affirmative
(C) sensitive
(D) purgative

71. ശരിയായ രൂപം ഏത്?

(A) കൈയെഴുത്ത്
(B) കയ്യെഴുത്ത്
(C) കയെഴുത്ത്
(D) കയ്യഴുത്ത്

72. നെന്മണി എന്ന പദം പിരിച്ചെഴുതുക :

(A) നെൻ + മണി
(B) നെല് + മണി
(C) നെൻമ + മണി
(D) നെൽ + മണി

73. വ്യാകരണം അറിയുന്നവൻ എന്നതിന്റെ ഒറ്റപ്പദം ഏത്?

(A) വൈയാകരണൻ
(B) വ്യാകരണൻ
(C) വ്യാകരണകാരൻ
(D) വ്യാകരണികൻ

74. ചിലർ എന്ന പദം ഏത് വചനമാണ്?

(A) ഏകവചനം
(B) സലിംഗ ബഹുവചനം
(C) അലിംഗ ബഹുവചനം
(D) ദ്വിവചനം

75. പല്ലവപുടം - വിഗ്രഹിക്കുക :

(A) പല്ലവങ്ങളുടെപുടം
(B) പല്ലവമായപുടം
(C) പല്ലവമാകുന്നപുടം
(D) പല്ലവത്തിന്റെപുടം

76. സമാനപദം എഴുതുക - മഞ്ഞ് :

(A) വർഷം
(B) പ്രാലേയം
(C) മാർഗം
(D) മഹിമം

77. മാൻ എന്ന വാക്കിന്റെ പര്യായം ഏത്?

(A) കേസരി
(B) വാരണം
(C) ഏണം
(D) വാരിജം

78. ചേർത്തെഴുതുക : ചാ + ഉന്നു :

(A) ചാകുന്നു
(B) ചാടുന്നു
(C) ചായുന്നു
(D) ചാറുന്നു

79. ശരിയായ വാക്യം ഏത്?

(A) മറ്റിതര സംസ്ഥാനങ്ങളുടെയും കഥ ഇതിൽ നിന്ന് വ്യക്തമല്ല
(B) ഏകദേശം നൂറോളം പുസ്തകങ്ങൾ അവിടെ ഉണ്ടായിരുന്നു
(C) ഓരോ വിദ്യാർത്ഥിയും ഓരോ പുസ്തകങ്ങൾ കൊണ്ടുവരണം
(D) നന്നായി പഠിച്ചവരെല്ലാം ഉന്നതവിജയം നേടി

80. സുപ്രസിദ്ധം എന്ന പദത്തിന്റെ വിപരീതം ഏത്?

(A) പ്രസിദ്ധം
(B) കുപ്രസിദ്ധം
(C) വിപ്രസിദ്ധം
(D) അപ്രസിദ്ധം

81. മോചനദ്രവ്യം ആവശ്യപ്പെടുന്നതിന് വേണ്ടിയുള്ള തട്ടിക്കൊണ്ടുപോകൽ എന്ന കുറ്റത്തിനുള്ള ശിക്ഷ എന്ത്?

(A) വധശിക്ഷ

(B) ജീവപര്യന്തം തടവ്

(C) പിഴ

(D) മുകളിൽപ്പറഞ്ഞിട്ടുള്ള എല്ലാം

82. A എന്ന ആൾ B-യെ കൊല്ലുന്നതിനു വേണ്ടി ഒരു കുപ്പി വെള്ളത്തിൽ വിഷം ചേർത്ത് വെച്ചു. ആ വെള്ളം C എടുത്തു കുടിച്ചു മരിച്ചു. ഇവിടെ A ചെയ്ത കുറ്റം എന്ത്?

(A) കുറ്റകരമല്ലാത്ത നരഹത്യ

(B) കുറ്റകരമായ നരഹത്യ

(C) കുറ്റകരമായ അശ്രദ്ധ

(D) ഗുരുതരമായ അശ്രദ്ധ

83. വാക്യം 1 — 7 വയസ്സിൽ താഴെ പ്രായമുള്ള ഒരു കുട്ടി ചെയ്യുന്ന ഒരു തെറ്റും ഇന്ത്യൻ പീനൽ കോഡ് 1860 പ്രകാരം ശിക്ഷിക്കപ്പെടുന്നതല്ല.

വാക്യം 2 — ചില കേസുകളിൽ 7 നു മുകളിൽ എന്നാൽ 12-നു താഴെ പ്രായമുള്ള കുട്ടി ചെയ്ത തെറ്റ് ഇന്ത്യൻ പീനൽ കോഡ് 1860 പ്രകാരം ശിക്ഷിക്കപ്പെടുന്നതല്ല.

(A) മേൽപ്പറഞ്ഞ വാക്യങ്ങൾ 1 & 2 ശരിയാണ്

(B) മേൽപ്പറഞ്ഞ വാക്യങ്ങളിൽ 1 മാത്രം ശരിയാണ്

(C) മേൽപ്പറഞ്ഞ വാക്യങ്ങളിൽ 2 മാത്രം ശരിയാണ്

(D) മേൽപ്പറഞ്ഞ വാക്യങ്ങൾ 1 & 2 തെറ്റാണ്

84. ഇന്ത്യൻ പീനൽ കോഡ് (IPC) 1860 സെക്ഷൻ 269 പ്രകാരം താഴെക്കൊടുത്തിട്ടുള്ള ഏതു പ്രവൃത്തി / പ്രവൃത്തികൾ കുറ്റകരം ആണ്?

(A) കോവിഡ് രോഗി, രോഗ വിവരം മറച്ചു വെച്ച് ഒരു പൊതുയോഗത്തിൽ പങ്കെടുക്കുന്നത്

(B) റോഡിൽ തടസ്സം സൃഷ്ടിച്ചു കൊണ്ട് ഒരാൾ ബഹളം ഉണ്ടാക്കുന്നത്

(C) ട്യൂബെർക്കുലോസിസ് (TB) ഉണ്ടായിരുന്ന ഒരു വ്യക്തി ചികിത്സക്കുശേഷം ഒരു കട നടത്തുന്നത്

(D) ഓപ്ഷൻസ് (A) & (B)

85. താഴെ കൊടുത്തിരിക്കുന്നതിൽ, വിവരാവകാശനിയമം 2005 പ്രകാരം ഈ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കപ്പെട്ട വിവരങ്ങൾ ഏത്?

(A) ഡിറക്ടറേറ്റ് ഓഫ് റെവന്യൂ ഇന്റലിജൻസിന്റെ പ്രവർത്തനങ്ങൾ

(B) ക്യാബിനറ്റ് ഡോക്യുമെന്റുകൾ

(C) കോപ്പിറൈറ്റ് മുതലായ ബൗദ്ധിക സ്വത്തവകാശങ്ങൾ മുഖേന സംരക്ഷിക്കപ്പെട്ടിട്ടുള്ള വിവരങ്ങൾ

(D) ഓപ്ഷൻസ് (A), (B) & (C)

86. വാക്യം 1 — ഒരു സ്വകാര്യ സ്ഥലത്ത് നടക്കുന്ന പോലീസ് നടപടിയുടെ വീഡിയോ റെക്കോർഡ് ചെയ്യാൻ പൊതുജനങ്ങളിൽ ആർക്കും അവകാശം ഉണ്ട്.

വാക്യം 2 — ഒരു സ്വകാര്യ സ്ഥലത്ത് നടക്കുന്ന പോലീസ് നടപടിയുടെ വീഡിയോ റെക്കോർഡ് ചെയ്യാൻ പോലീസ് ഉദ്യോഗസ്ഥർക്ക് അവകാശം ഉണ്ട്.

(A) മേൽപ്പറഞ്ഞ വാചകങ്ങൾ 1 & 2 ശരിയാണ്

(B) മേൽപ്പറഞ്ഞ വാചകങ്ങൾ 1 & 2 തെറ്റാണ്

(C) മേൽപ്പറഞ്ഞ വാചകങ്ങൾ 1 മാത്രം ശരിയാണ്

(D) മേൽപ്പറഞ്ഞ വാചകങ്ങൾ 2 മാത്രം ശരിയാണ്

87. വിവരാവകാശനിയമം 2005 പ്രകാരം താഴെ കൊടുത്തിരിക്കുന്നതിൽ ഏത്, ഇൻഫോർമേഷൻ അഥവാ 'വിവരം' എന്നതിന്റെ നിർവചനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല?

(A) സെക്ഷൻ 2(k)-യിൽ പ്രതിപാദിക്കുന്ന റെക്കോർഡുകൾ

(B) ലോഗ് ബുക്കുകൾ

(C) ഇലക്ട്രോണിക് മെയിൽ

(D) ഫയൽ നോട്ടിങ്സ്

88. പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ നിന്നു ലഭിക്കേണ്ട അവകാശങ്ങളിൽ, താഴെ കൊടുത്തിട്ടുള്ളവയിൽ ഏത് ഉൾപ്പെട്ടിട്ടില്ല?

(A) പരാതിയെ സംബന്ധിച്ച കൈപ്പറ്റു രസീത് ലഭിക്കുക

(B) പരാതിയുടെ ചുരുക്കം സ്റ്റേഷനിലെ സ്ഥിരം രജിസ്റ്ററിൽ രേഖപ്പെടുത്തുക.

(C) സ്ത്രീകളുടെ പരാതി വനിതാപോലീസ് സ്റ്റേഷനിൽ മാത്രം കൊടുക്കുക.

(D) ഏതെങ്കിലും ഒരു പ്രത്യേക വ്യക്തി ആ പോലീസ് സ്റ്റേഷനിൽ കസ്റ്റഡിയിൽ ഉണ്ടോയെന്ന് അറിയുക

89. ക്രിമിനൽ പ്രോസീജർ കോഡ് 1973 പ്രകാരം 'കോഗ്നൈസബിൾ' കുറ്റം എന്നാൽ :

(A) ജാമ്യം/ബെയിൽ ലഭിക്കാത്ത കുറ്റം

(B) പോലീസ് ഓഫീസർക്ക് വാറണ്ട് ഇല്ലാതെ അറസ്റ്റ് ചെയ്യാവുന്ന കുറ്റം

(C) പോലീസ് ഓഫീസർക്ക് വാറണ്ട് ഉണ്ടെങ്കിൽ മാത്രം അറസ്റ്റ് ചെയ്യാവുന്ന കുറ്റം

(D) ഓപ്ഷൻസ് (A) & (B)

90. സീറോ എഫ് ഐ ആർ (Zero FIR)-നെ കുറിച്ച് താഴെക്കൊടുത്തിട്ടുള്ളതിൽ തെറ്റായ ഓപ്ഷൻ ഏത്?

(A) സീരിയൽ നമ്പർ ഇടാതെ ഒരു കുറ്റം റിപ്പോർട്ട് ചെയ്യാനുള്ള ഉപാധിയാണ് Zero FIR

(B) ഏതു പോലീസ് സ്റ്റേഷനിലും കുറ്റങ്ങൾ റിപ്പോർട്ട് ചെയ്യാനുള്ള ഉപാധിയാണ് Zero FIR

(C) അഥവാ ഒരു പോലീസ് സ്റ്റേഷനിൽ രേഖപ്പെടുത്താൻ വിസമ്മതിച്ചാൽ, സൂപ്രണ്ട് ഓഫ് പോലീസിനു (Superintendent of Police) പരാതി കൊടുക്കാവുന്നതാണ്

(D) മുകളിൽപ്പറഞ്ഞ എല്ലാ ഓപ്ഷൻസും ശരിയാണ്

91. ക്രിമിനൽ പ്രോസീജർ കോഡ് 1973 (CrPC 1973) സെക്ഷൻ 44, അറസ്റ്റ് ചെയ്യാനുള്ള ആരുടെ അധികാരത്തെ വിവരിക്കുന്നു?

(A) പോലീസ് ഓഫീസർ

(B) മജിസ്ട്രേറ്റ്

(C) ഇന്ത്യൻ പൗരൻ

(D) ഏതെങ്കിലും സ്വകാര്യ വ്യക്തി

92. 40 വർഷങ്ങൾക്കു മുൻപ് ജനിച്ച ഒരു വ്യക്തിയുടെ ജനനത്തീയതിയെ കുറിച്ചുള്ള തെളിവായി അയാളുടെ ജനനം നടന്ന ഹോസ്പിറ്റലിലെ ആ സമയത്തെ ഡ്യൂട്ടി ഡോക്ടറായിരുന്ന, പിന്നീട് മരണപ്പെട്ടു പോയ ആളുടെ, ഡയറി സ്വീകരിക്കണം എന്ന് വാദിഭാഗം ആവശ്യപ്പെടുന്നു. ഈ ഉദാഹരണത്തിൽ തീരുമാനം എടുക്കാൻ പ്രസക്തമാകുന്നത് ഇന്ത്യൻ എവിഡൻസ് ആക്ട് 1872-ലെ ഏതു സെക്ഷനാണ്?

(A) സെക്ഷൻ 27

(B) സെക്ഷൻ 32

(C) സെക്ഷൻ 37

(D) സെക്ഷൻ 45

93. വാക്യം 1 — ഇന്ത്യൻ എവിഡൻസ് ആക്ട് 1872 സെക്ഷൻ 44 പ്രകാരം, ഒരു പ്രത്യേക വിഷയത്തിൽ വിദഗ്ദ്ധയായ വ്യക്തിയുടെ അഭിപ്രായം കോടതിക്ക് തെളിവായി സ്വീകരിക്കാം.

വാക്യം 2 — ഒരാളുടെ മനോനിലയെക്കുറിച്ചുള്ള ഒരു സൈക്യാട്രിസ്റ്റിന്റെ അഭിപ്രായം, ഇന്ത്യൻ എവിഡൻസ് ആക്ട് 1872 സെക്ഷൻ 45 പ്രകാരം, കോടതിക്ക് തെളിവായി എടുക്കാവുന്നതാണ്.

(A) വാക്യം 1 & 2 ശരിയാണ്

(B) വാക്യം 1 മാത്രം ശരിയാണ്

(C) വാക്യം 2 മാത്രം ശരിയാണ്

(D) വാക്യം 1 & 2 തെറ്റാണ്

94. കേരളാ പോലീസ് ആക്ട് 2011 സെക്ഷൻ 117 പ്രകാരം പോലീസിന്റെ ചുമതലകളിൽ ഇടപെടുന്ന തരത്തിലുള്ള കുറ്റങ്ങൾ :

(A) കോഗ്നൈസബിളും ജാമ്യമില്ലാത്ത കുറ്റങ്ങളുമാണ്

(B) നോൺ-കോഗ്നൈസബിളും ജാമ്യമില്ലാത്ത കുറ്റങ്ങളുമാണ്

(C) നോൺ-കോഗ്നൈസബിളും ജാമ്യം ലഭിക്കാവുന്ന കുറ്റങ്ങളുമാണ്

(D) കോഗ്നൈസബിളും ജാമ്യം ലഭിക്കാവുന്ന കുറ്റങ്ങളുമാണ്

95. നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്റ്റ് 1985 സെക്ഷൻ 37 പ്രകാരം ജാമ്യം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറഞ്ഞ വാക്യങ്ങളിൽ ഏറ്റവും ശരിയായത് തിരഞ്ഞെടുക്കുക :

(A) പ്രോസിക്യൂഷന് ജാമ്യാപേക്ഷ എതിർക്കാൻ അവസരം കൊടുക്കണം

(B) ന്യായമായ കാരണങ്ങൾ കൊണ്ട് കോടതിക്ക് പ്രതിയുടെ നിരപരാധിത്വം ബോധ്യപ്പെടണം

(C) ഓപ്ഷൻസ് (A) & (B)

(D) ഓപ്ഷൻസ് (A) & (B) കൂടാതെ ക്രിമിനൽ പ്രോസീജർ കോഡ് (Cr.PC 1973) പ്രകാരം ഉള്ള വ്യവസ്ഥകൾ പാലിക്കണം

96. നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്റ്റ് 1985 പ്രകാരം ഉള്ള കുറ്റവുമായി ബന്ധപ്പെട്ടുള്ള അറസ്റ്റിന് ശേഷം എത്ര വർഷത്തിനകം നേടിയ വസ്തു കണ്ടു കെട്ടപ്പെടും?

(A) 5 വർഷം

(B) 6 വർഷം

(C) 7 വർഷം

(D) 8 വർഷം

**97.** ഏതു പ്രായത്തിലുള്ള കുട്ടികൾക്ക് നേരെയുള്ള പ്രവേശിത ലൈംഗികാതിക്രമ (Penetrative Sexual Assault) കുറ്റത്തിന്, പോക്സോ ആക്ട് (The Protection of Children from Sexual Offences Act) 2012-ൽ ഇരുപതു വർഷത്തിൽ കുറയാത്ത ശിക്ഷയും പിഴയും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു?

(A) 12 (B) 14

(C) 16 (D) 18

**98.** പോക്സോ ആക്ട് (The Protection of Children from Sexual Offences Act) 2012 സെക്ഷൻ 3 പ്രകാരം കൊടുത്ത പരാതി കെട്ടിച്ചമച്ചതോ, തെറ്റായ വിവരമോ ആണെങ്കിൽ, അതിൽ ഉൾപ്പെട്ടിട്ടുള്ള :

(A) 18 വയസ്സിനു മുകളിൽ പ്രായം ഉള്ളവർക്കെതിരേ മാത്രമേ കുറ്റം ആവുകയുള്ളൂ

(B) 18 വയസ്സിനു താഴെ പ്രായം ഉള്ളവർക്കെതിരേ മാത്രമേ കുറ്റം ആവുകയുള്ളൂ

(C) ഏതു പ്രായത്തിൽ ഉള്ളവർക്കും എതിരെ കുറ്റം ആവും

(D) ആർക്കും എതിരെ കുറ്റം ആവില്ല

**99.** Mr. A ഒരു ഓഫീസിൽ ജോലി ചെയ്യവേ, സഹപ്രവർത്തകരായ ചില വ്യക്തികൾക്ക് ഇ-മെയിലുകൾ മുഖേന അശ്ലീല ചിത്രങ്ങൾ അയച്ചു. Mr. A-യുടെ പ്രവൃത്തി, ഇൻഫോർമേഷൻ ടെക്നോളജി ആക്ട് 2000-ലെ താഴെക്കൊടുത്തിട്ടുള്ള ഏതു വകുപ്പിന്റെ ലംഘനം ആണ്?

(A) സെക്ഷൻ 66 F (B) സെക്ഷൻ 67 A

(C) സെക്ഷൻ 68 A (D) സെക്ഷൻ 77 B

**100.** മനപ്പൂർവം ഒരു കമ്പ്യൂട്ടർ സിസ്റ്റത്തിലേക്ക് വൈറസ് പ്രവേശിപ്പിച്ച കുറ്റത്തിനുള്ള ശിക്ഷയെകുറിച്ച് പ്രതിപാദിക്കുന്ന ഇൻഫോർമേഷൻ ടെക്നോളജി ആക്ട് 2000-ലെ വകുപ്പ്, താഴെക്കൊടുത്തതിൽ ഏത്?

(A) സെക്ഷൻ 43 (B) സെക്ഷൻ 65

(C) സെക്ഷൻ 72 (D) സെക്ഷൻ 77B

SPACE FOR ROUGH WORK

## FINAL ANSWER KEY

**Question Paper Code:78/2024 M**

**Question Paper Medium:Malayalam**

**Category Code:248/2023,507/2023,584/2023,732/2023,733/2023**

**Name Of Post & Department:Woman Police Constable (Woman Police Battalion)/Police Constable**

**Date Of Test:29-Jun-2024**

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 1 | C | D | D | C |
| 2 | B | D | C | C |
| 3 | D | C | C | C |
| 4 | D | C | C | B |
| 5 | C | C | B | D |
| 6 | C | B | D | D |
| 7 | A | D | B | C |
| 8 | C | B | C | A |
| 9 | D | C | A | A |
| 10 | B | A | A | C |
| 11 | C | A | C | D |
| 12 | A | C | D | B |
| 13 | B | A | C | C |
| 14 | D | C | C | A |
| 15 | A | C | A | B |
| 16 | C | A | B | D |
| 17 | C | B | D | A |
| 18 | A | D | A | C |
| 19 | B | D | C | X |
| 20 | B | A | C | D |
| 21 | D | C | X | A |
| 22 | A | C | D | X |
| 23 | C | X | A | A |
| 24 | C | D | X | C |
| 25 | X | A | A | D |
| 26 | D | X | C | B |
| 27 | A | A | D | B |
| 28 | X | C | B | D |
| 29 | A | D | B | A |
| 30 | C | B | D | C |
| 31 | D | B | A | C |
| 32 | D | B | A | D |
| 33 | C | A | D | D |
| 34 | B | D | D | C |
| 35 | A | D | C | B |
| 36 | D | C | B | A |
| 37 | C | A | B | D |
| 38 | A | B | D | C |
| 39 | B | D | C | A |
| 40 | D | C | A | B |
| 41 | B | C | A | D |
| 42 | C | A | D | B |
| 43 | A | D | B | C |
| 44 | D | B | C | A |
| 45 | D | B | B | X |
| 46 | B | B | X | C |
| 47 | B | X | C | D |
| 48 | X | C | D | D |
| 49 | C | D | D | B |
| 50 | D | D | B | B |

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 51 | A | B | D | C |
| 52 | D | B | A | A |
| 53 | B | D | C | X |
| 54 | B | A | A | C |
| 55 | D | C | X | A |
| 56 | A | A | C | D |
| 57 | C | X | A | B |
| 58 | A | C | D | B |
| 59 | X | A | B | D |
| 60 | C | D | B | A |
| 61 | A | B | D | C |
| 62 | C | C | B | A |
| 63 | B | D | C | D |
| 64 | C | B | A | A |
| 65 | D | C | D | A |
| 66 | B | A | A | C |
| 67 | C | D | A | B |
| 68 | A | A | C | C |
| 69 | D | A | B | D |
| 70 | A | C | C | B |
| 71 | A | A | D | C |
| 72 | B | C | B | X |
| 73 | A | D | C | D |
| 74 | C | B | X | B |
| 75 | D | C | D | A |
| 76 | B | X | B | B |
| 77 | C | D | A | A |
| 78 | X | B | B | C |
| 79 | D | A | A | D |
| 80 | B | B | C | B |
| 81 | D | A | B | B |
| 82 | B | A | B | C |
| 83 | A | C | C | A |
| 84 | A | B | D | B |
| 85 | D | D | C | A |
| 86 | A | B | B | D |
| 87 | A | B | C | B |
| 88 | C | C | A | A |
| 89 | B | D | B | A |
| 90 | D | C | A | D |
| 91 | B | B | D | A |
| 92 | B | C | B | A |
| 93 | C | A | A | C |
| 94 | D | B | A | B |
| 95 | C | A | D | D |
| 96 | B | D | A | B |
| 97 | C | B | A | B |
| 98 | A | A | C | C |
| 99 | B | A | B | D |
| 100 | A | D | D | C |

'X' denotes deletion

Approved For Publication
Sd/-
Section officer